(ബി) ചിത്ര ശിൽപ്പകലാ പരിപോഷണത്തിന് ദൃശ്യ അവബോധം സൃഷ്ടിക്കുക, എക്സിബിഷനുകളും മറ്റു കലാപ്രവർത്തനങ്ങളും സംഘടിപ്പിക്കുക എന്നിവകൊണ്ട് ജനങ്ങളിൽ സാംസ്കാരിക ഉന്നതി സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പുതിയ പദ്ധതിയായ സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി, ചിത്രകലയെ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന് അവസരം ഒരുക്കുന്നതിന് വേണ്ടിയാണ്. ആർട്ട് ഗ്യാലറി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ചിത്രപ്രദർശനത്തോടൊപ്പം ചിത്രകലയെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കും.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാംസ്കാരിക സംഘടനകളുമാണ് പദ്ധതിയുമായി സഹകരിക്കുന്നത്.

(ഡി) പുതിയ പദ്ധതിയായ 'സഞ്ചരിക്കുന്ന ആർട്ട് ഗ്യാലറി' സജ്ജമാക്കുന്നതിന് വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

നന്ദികേശ ശിൽപപൈതൃക ഗ്രാമം

80 (4115) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നന്ദികേശ ശില്പപൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലളിതകലാഅക്കാദമി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

ആറന്മുള, നന്ദികേശ ശിൽപ്പപൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലളിതകലാഅക്കാദമി വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ

81 (4116) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ ഔദ്യോഗികം ഉൾപ്പെടെ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാം എന്നും ഓരോന്നിനും 2011 മുതൽ 2015 വരെ ഓരോ വർഷവും ചെലവായ

LIBRARY ARCHIVES Kerala Legislative Assembly